## ചെയർമാൻ, ഡി.ഡി.എം.എ & ജില്ലാ കലക്ടർ വയനാടിന്റെ നടപടിക്രമം

(ഹാജർ: ഡോ. അദീല അബ്ദുള്ള, ഐ.എ.എസ്)

വിഷയം:- കോവിഡ് 19(കൊറോണ) – ഡി.എം.ആക്ട് - അവശ്യ ചരക്കു നിയമ പ്രകാരം മരുന്നുകൾ, മാസ്കുകൾ, സാനിറ്റൈസർ എന്നിവയുടെ പൂഴ്ത്തിവയ്പ് കരിഞ്ചന്ത പരിശോധിക്കുന്നത്- സംബന്ധിച്ച്..

സൂചന:- 15/03/2020 തീയതിയിൽ ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗ തീരുമാനം.

**ഉത്തരവ് നം. DCWYD/ 2909 /2020/DM1 തീയതി: 15/03/2020**

കേരളത്തിൽ കോവിഡ്19(കൊറോണ വൈറസ്) ബാധ വിവിധ ജില്ലകളിലായി റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലയിൽ ആവശ്യാനുസരണം മരുന്നുകൾ, മാസ്കുകൾ , സാനിറ്റൈസറുകൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട് ആയതിന്റെ ~~അടിസ്ഥാനത്തിൽ~~ ,ഇവയുടെ സ്റ്റോക്ക്, പൂഴ്ത്തിവയ്പ് , കരിഞ്ചന്ത എന്നിവ പരിശോധിക്കേണ്ടത് അത്യാവശ്യമാണെന്നു കാണുന്നു. ആയതിനാൽ ജില്ലയിലെ ഫാർമസികൾ പരിശോധിച്ച് മേൽ പരാമർശിച്ചിട്ടുള്ളവയുടെ ~~ലഭ്യത ഉറപ്പു വരുത്തേണ്ടതും, നിയമ വിരുദ്ധമായി പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ~~ ശ്രദ്ധയിൽപ്പെട്ടാൽ അവശ്യ വസ്തു നിയമ പ്രകാരം നടപടി ~~സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ ഉത്തരവാകുന്നു.~~

സ്വീകരിക്കുന്നതിനായി ഉടൻ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ചെയർമാൻ ഡി.ഡി.എം.എ & ജില്ലാ കലക്ടർ

15/3/2020

ഡ്രഗ്സ് ഇൻസ്പെക്ടർ, വയനാട്, പി.ബി.എം. ബിൽഡിംഗ് മീനങ്ങാടി ( ആദ്യം രണ്ടു ദിവസത്തിനകവും പിന്നീട് പിന്നീട് എല്ലാ ദിവസവും നാല് മണിക്കു മുമ്പായി ടി വിഷയം സംബന്ധിച്ച് വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്).